<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3767</u> <u>09-10-2025 - ൽ മറുപടിയ്ക്ക്</u>

<u>പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള പ്രായോഗിക പരിശീലനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പഠനകാലത്തുതന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പഠനകാലത്ത് തന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,<br><br>എഞ്ചിനീയറിംഗ്/ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽ തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Startups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയ പല പദ്ധതികളും പോളിടെക്നിക്ക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികളുടെ പ്രൊജക്റ്റുകൾ പ്രദർശിപ്പിക്കുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്.<br><br>വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും IHRD സെല്ലുകൾ രൂപികരിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൌൺസലിംഗ് സൌകര്യം ലഭ്യമാക്കാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. സ്ത്രീ ശാക്തികരണം ലക്ഷ്യമിട്ട് SHE (Scheme for Her Empowerment in Engineering Education) ക്ലബ്ബ് കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ രൂപികരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ പ്രവർത്തനം വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള അംഗീകാരം നൽകുകയും തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത |

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇന്റസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നു. ഇന്റസ്ട്രി - ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുമായും വ്യവസായ സംരംഭകരുമായും സ്ഥാപനങ്ങളുമായും കരാറുകളിൽ ഏർപ്പെടുന്നതിനും അതുവഴി സാങ്കേതിക വിദ്യ കൈമാറ്റത്തിനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. ഇത്തരത്തിൽ വകുപ്പിന് കീഴിലെ എഞ്ചിനീയറിംഗ് കോളേജുകൾ 56 കരാറുകളിലും, പോളിടെക്നിക് കോളേജുകൾ 87 കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്.

വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റിയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിങ് കോളേജിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിങ് ലാബ് (Hardware in Loop Lab) എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു. അടുത്ത കാലത്ത് കേരളം നേരിട്ട പ്രകൃതി ക്ഷോഭങ്ങളുടെ പരിഹാര പ്രക്രിയകളുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ആരംഭിച്ച സെന്റർ ഫോർ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ തുടർ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിന് ശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിനായി പ്രത്യേകമായി സജ്ജീകരിച്ച, ആവശ്യമായ കംപ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടു കൂടിയ ടെക്നോളജി ഇൻക്യുബേഷൻ സെൻററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 46 യൂണിറ്റുകളും 40 പ്രീ ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 50 - ലേറെ യൂണിറ്റുകൾ Gestation period പൂർത്തിയാക്കിയിട്ടുണ്ട്. സിഡ്ബിയുടെ (SIDBI) സ്വാലംബൻ ചെയർ പദ്ധതിയുടെ രാജ്യത്തെ ആദ്യ ധന സഹായം തൃശ്ശൂർ

ഗവ. എഞ്ചിനീയറിംഗ് കോളേജിനാണ്. മൂന്ന് വർഷത്തിനകം 25 സ്റ്റാർട്ടപ്പുകൾ സാധ്യമാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജും ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 6 പോളിടെക്നിക് കോളേജുകളിൽ 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉൽപാദന പരിശിലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ LED ബൽബുകളും ട്യൂബുകളും സംയോജിപ്പിച്ച നിർമ്മിക്കുക, ഇലക്ട്രോണിക്സ് ലബോറട്ടറികളിലേയ്ക്ക് ആവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മറ്റു പോളിടെക്നിക്കുകളിലും അനുയോജ്യമായ നവീന സങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉൽപാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച പ്രവർത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 5 പോളിടെക്നിക്ക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിച്ചു.

സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23 -ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക് ക്നിക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും തുടർ നടപടികൾ സ്വീകരിച്ച വരുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് പരിശീലന പരിപാടികളും നൽകുന്നുണ്ട്. ഡിജിറ്റൽ ലൈബ്രറികൾ, ഇ-ബുക്ക്, ഇ-ജേർണൽ എന്നീ സൌകര്യങ്ങളും വകുപ്പിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭ്യമാക്കി വരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പതിനാലാം പഞ്ചവൽസര പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്ന വിഭവ വിനിയോഗ നിർവ്വഹണ കേന്ദ്രം (Resource Management Centre) പരിശീലന പരിപാടികളും ഗവേഷണ പ്രവർത്തനങ്ങളും വിവിധ സാങ്കേതിക വിഷയങ്ങളിലെ ഉള്ളടക്കം വികസിപ്പിക്കലും ഭരണപരമായ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് കേന്ദ്രീകൃതമായി നടപ്പാക്കാനും ഘട്ടം ഘട്ടമായി പദ്ധതി കാലയളവിൽ പരിപൂർണ്ണ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റാനും ലക്ഷ്യമിടുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇൻറർ ഡിസിപ്ലിനറി റിസർച്ച് സെൻററുകൾ

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെൻറും പ്രവർത്തിച്ചു തുടങ്ങി. CET-SAT (കോളേജ് ഓഫ് എഞ്ചിനീയറിംഗ് - സ്റ്റുഡന്റ് സാറ്റലൈറ്റ് പ്രൊജക്ട്) രൂപകൽപ്പനയുടെ പ്രാരംഭ പ്രവർത്തങ്ങളും പുരോഗമിക്കുന്നു. ഇതിനോടനുബന്ധിച്ച് പ്രൊഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഹൈ പെർഫോർമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും ഉടൻ പ്രവർത്തനമാരംഭിക്കും.<br><br>സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ (PPP) തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും (Bosch) ബാർട്ടൻ ഹിൽ എഞ്ചിനീയറിംഗ് കോളേജിലും (Mercedes Benz) ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികൾ വിജയകരമായി നടത്തിവരുന്നു.<br><br>സ്കോളർഷിപ്പുകളും ഇന്റേൺഷിപ്പുകളും വ്യവസായിക - സാങ്കേതിക രംഗത്തെ വിദഗ്ധരുടെ നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. റിസർച്ച് സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിന് അന്താരാഷ്ട്ര ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | നിലവിൽ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിന് അന്താരാഷ്ട്ര ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ